**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 392** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്തർദേശീയ നിലവാരത്തിലെത്തിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഓരോ വിനോദസഞ്ചാര കേന്ദ്രവും സുരക്ഷിതവും വൃത്തിയുള്ളതുമായി സൂക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ പുതുതായി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി 180 ടൂറിസം പോലീസിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും, ആവശ്യമായ ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 145 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ച് വരുന്നു. ഇവർക്കു കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിവരുന്നു. ടൂറിസം വകുപ്പിന്റെ കീഴിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിവിധ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കി വരികയാണ്. കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനായി ടൂറിസം വകുപ്പ് പോലീസ് അധികാരികൾ, ഇതര വകുപ്പുകളുമായി ചേർന്നു നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മാലിന്യ മുക്ത നവകേരളം ക്യാമ്പയിനിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിലെ |

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹായത്തോടെ ഈ കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ഗ്യാപ്പ് അസ്സെസ്സ്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിൽ കണ്ടെത്തിയ വിടവുകൾ പരിഹരിക്കുവാൻ എല്ലാ ജില്ലാ ഓഫീസർമാർക്കും, ഡിടിപിസി സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളെ ശുചിത്വമുള്ളതും ആരോഗ്യകരവുമായി നിലനിർത്തിക്കൊണ്ട് അവയുടെ നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**<u>ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ.</u>**

വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ല ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ". 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന പദ്ധതിയിൽ കുടുംബശ്രീ മുഖേന നിയോഗിക്കുന്ന 645 ശുചീകരണ തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നു. ഇതിനായി വകുപ്പിൽ നിന്നും തുകയും അനുവദിച്ചു വരുന്നുണ്ട്.

**<u>കോവളംഡെസ്റ്റിനേഷനിലെ മാലിന്യസംസ്കരണം</u>**

കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് എക്കോ പ്രിസർവ്വ് എന്ന NGO മുഖേന ഫലപ്രദമായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനയും ഇവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**<u>ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം</u>**

ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽ മേട്

| | | | |
|---|---|---|---|
| | | | (ആമപ്പാറ), രാമക്കൽ മേട് പാർക്ക്, പരുന്തുപാറ, പാഞ്ചാലി മേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക്- ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ(അഡ്വഞ്ചർ പാർക്ക്) തൊമ്മൻ കുത്ത്, അരുവിക്കുഴി,ഇടുക്കി ഡി ടി പി സി കുടിയേറ്റ സ്മാരകം എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി "സേവ് ഗ്രീൻ സേവ് ടൂറിസം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരമുള്ള ശൗചാലയങ്ങളും കഫെറ്റീരിയകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അന്തർദേശീയ നിലവാരമുള്ള ശൗചാലയങ്ങളും കഫെറ്റീരിയകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുവാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നീ സ്ഥലങ്ങളിലുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പ്രവർത്തികൾ നടന്നുവരുന്നു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയാണ്. കോവളം ഡെസ്റ്റിനേഷൻ വികസിപ്പിക്കുന്നതിനുള്ള വൻ പദ്ധതി ടെണ്ടർ ഘട്ടത്തിലാണ്. വർക്കല, മൂന്നാർ, മലമ്പുഴ എന്നീ ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി തയ്യാറാക്കുന്നുണ്ട്. പ്രധാന ഡെസ്റ്റിനേഷനുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് ഇത്തരം പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ